കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-മട്ടന്നൂർ നഗരസഭയിലെ സി.എൽ.ആർ ജീവനക്കാർ ഫയൽ ചെയ്ത ഡബ്ള്യു പി(സി) നം.7091/2015 ന്മേലുള്ള വിധി ന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1712/2016/തസ്വഭവ. തീയതി:21/05/206. തിരുവനന്തപുരം.

പരാമർശം : 1) 02.05.2015 ലെ സ.ഉ(സാധാ) നം.1302/2015/തസ്വഭവ-- ---
2) മട്ടന്നൂർ നഗരസഭാ കൗൺസിലിന്റെ 18.05.2015 ലെ11-ാം നം. തീരുമാനം
3) മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ 21.05.2015 ലെ എച്ച് 1-4739/16 നം.കത്ത്
4) നഗരകാര്യ ഡയറക്ടറുടെ 27.7.15 ലെ ഇ 2-13009/15 നം.കത്ത്
5) ഡബ്ള്യു.പി(സി) നം.7091/15 ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 21.8.2015 ലെ വിധി ന്യായം.

## ഉത്തരവ്

മട്ടന്നൂർ നഗരസഭയിൽ,എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരംസി.എൽ.ആർ വ്യവസ്ഥയിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിനായി നിയമിക്കപ്പെട്ട സർവ്വശ്രീ.സദാനന്ദൻ,വത്സൻ ടി.പി,ശ്രീമതിമാരായ സുമാലിനി ചിറമ്മൽ,പത്മിനി.കെ, പത്മാവതി,ദേവു പി.പി എന്നിവർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യു.പി(സി) നം 7091/15 കേസിന്റെ പരാമർശം(5) പ്രകാരമുള്ള വിധി ന്യായത്തിൽ ഈ കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാർ,പരാതിക്കാരെ നേരിൽ കേട്ട്.ടി തൊഴിലാളികളെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരാമർശം(3) പ്രകാരം ലഭിച്ച പരാമർശം(2) പ്രകാരമുള്ള കൗൺസിൽ തീരുമാനത്തിന്മേൽ പരാമർശം(1) ലെ സർക്കാർഉത്തരവിലെ മാനദണ്ഡത്തിനനുസരണമായി പ്രസ്തുത ആനുകൂല്യം പരാതിക്കാർക്കും അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ ഉത്തരവായിരുന്നു.

പരാമർശം(5) പ്രകാരമുള്ള വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി.മട്ടന്നൂർ നഗരസഭയിൽ ബദൽ തൊഴിലാളികളായി താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി പരിഗണിക്കുന്നതിനായാണ് നഗരസഭാ സെക്രട്ടറി കൂടിക്കാഴ്ചയ്ക്കായി ക്ഷണിച്ചിരുന്നതെന്നും സി.എൽ.ആർ വ്യവസ്ഥയിലാണ് നിയമനം എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും പരാതിക്കാർബോധിപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 224-ാം വകുപ്പ് പ്രകാരം നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമായതിനാലും ഇവരെ 22.04.1982-ലെ സ.ഉ (കൈ) നമ്പർ 14/82 ലേബർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചവരായതിനാലും ഇപ്പോൾ മട്ടന്നൂർ നഗരസഭയിൽ സി.എൽ.ആർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവരായ താഴെ പറയുന്ന തൊഴിലാളികളെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.സദാനന്ദൻ,കാഞ്ഞിലേരി,(പി.ഒ),മട്ടന്നൂർ.
2) ശ്രീ.വത്സൻ .ടി.പി,തട്ടാൻകണ്ടി പറമ്പിൽ,ഉറുവച്ചൽ പി.ഒ.
3) ശ്രീമതി.സുമാലിനി ചിറമ്മൽ ലിഡിനലയം,മണക്കായ്,കയാനി പി.ഒ
4) ശ്രീമതി.പത്മിനി.കെ,കണ്ടുപറച്ചാൽ ഹൗസ്,കാര,കായാനി പി.ഒ.
5) ശ്രീമതി.പത്മാവതി പള്ളിപ്രാവൻ പുതിയ വീട്(സിതാര) പി.ഒ ഉറുവച്ചാൽ
6) ശ്രീമതി.ദേവു .പി.പി,പറങ്കണ്ടി പറമ്പിൽ ഹൗസ്,കാഞ്ഞിലേരി പി.ഒ),മട്ടന്നൂർ.

ബഹു.ഹൈക്കോടതിയുടെ പരാമർശം(5)ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.

ബിനുകുമാർ.വി
അണ്ടർ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി ,മട്ടന്നൂർ നഗരസഭ .
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക്(മട്ടന്നൂർ നഗരസഭാ സെക്രട്ടറി മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ,കേരള ഹൈക്കോടതി,എറണാകുളം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.